**-------------------- ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ -----------**

**ആപ്കോസിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും ഫീഡർ കാറ്റഗറി ചട്ടങ്ങളും**

---------- ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ------- ആപ്കോസിന്റെ നിയമാവലി പ്രകാരം സംഘം ഭരണസമിതിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ള ഉപചട്ടങ്ങൾ.

സംഘം പൊതുയോഗം അനുവദിക്കുന്ന ബഡ്ജറ്റ് തുകയും താഴെ ചേർത്തിരിക്കുന്ന സ്റ്റാഫ് പാറ്റേണിനും വിധേയമായി സംഘം ജീവനക്കാരുടെ സംഖ്യാബലവും, ഓരോ ജീവനക്കാരുടെ വേതനനിരക്കും സർക്കാർ ഉത്തരവിന് വിധേയമായി വേതനം നിർണ്ണയിക്കുന്നതിന് ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടു കൂടി ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

--------- ക്ഷീരോല്പാദക സഹകരണ സംഘം തരംതിരിവിൽ ഇപ്പോൾ ------ാം തരത്തിലാണ് ആകെ അംഗീകരിച്ച - തസ്തികകൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. തരംതിരിവിൽ ഭാവിയിൽ ഉന്നത ശ്രേണിയിലേക്ക് വരികയാണെങ്കിൽ അപ്പോൾ തദനുസൃതമായി ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോട് കൂടി കൂടുതൽ ജീവനക്കാരെ നിയമിക്കാൻ ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## 1. **സർവ്വീസ് കണ്ടീഷനുകൾ**

എ) വിദ്യാഭ്യാസ യോഗ്യത

| ക്രമ നം. | തസ്തികയുടെ പേര് | വിദ്യാഭ്യാസ യോഗ്യത |
|---|---|---|
| 1 | സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ബ്രാഞ്ച് സൂപ്പർവൈസർ | കേരള സഹകരണ സംഘം ചട്ടം 186 പ്രകാരം, ഈ യോഗ്യതയില്ലാത്തവരുടെ കാര്യത്തിൽ SSLC+ JDC |
| 2 | ടെക്നിക്കൽ സൂപ്പർവൈസർ ( പ്ലാന്റ്) | ഡയറി ടെക്നോളജി വിഷയത്തിലുള്ള ഡിഗ്രി |
| 3 | ടെക്നിക്കൽ സൂപ്പർവൈസർ ( ലാബ്) | ഡയറി ടെക്നോളജി വിഷയത്തിലുള്ള ഡിഗ്രി |
| 4 | ടെക്നിക്കൽ സൂപ്പർവൈസർ ( ഫാം) | ഡയറി ടെക്നോളജി /ഡയറി ഹസ്ബൻടി വിഷയത്തിലുള്ള ഡിഗ്രി |
| 5 | ജൂനിയർ ക്ലാർക്ക്/ വെൽഫയർ ഓഫീസർ/ കാഷ്യർ | കേരള സഹകരണ സംഘം ചട്ടം 186 പ്രകാരം ഈ യോഗ്യതയില്ലാത്തവരുടെ കാര്യത്തിൽ SSLC + JDC |

Sm.07.07.2023

| | | |
|---|---|---|
| 6 | ലാബ് ടെക്നീഷ്യൻ | VHSE (MILK AND MILK PRODUCTS) യിൽ വിജയം അല്ലെങ്കിൽ പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു വിജയം |
| 7 | ലാബ് അസിസ്റ്റന്റ് | SSLC വിജയം |
| 8 | പ്ലാന്റ് ഓപ്പറേറ്റർ | SSLC വിജയം + രണ്ട് വർഷം ITI സർട്ടിഫിക്കറ്റ് ( മെക്കാനിക്കൽ) |
| 9 | ബോയിലർ ഓപ്പറേറ്റർ | SSLC വിജയം + രണ്ട് വർഷം ITI സർട്ടിഫിക്കറ്റ് ( മെക്കാനിക്കൽ) |
| 10 | ഡേറ്റാ എൻട്രി ഓപ്പറേറ്റർ | SSLC വിജയം + DCA വിജയം |
| 11 | പ്രൊക്യൂർമെന്റ് അസിസ്റ്റന്റ്/ സെയിൽസ് അസിസ്റ്റന്റ് | ഒമ്പതാം ക്ലാസ്സിൽ നിന്നുള്ള വിജയം |
| 12 | അറ്റൻഡർ / പ്യൂൺ | ഏഴാം ക്ലാസ്സിലുള്ള വിജയം |
| 13 | ക്ലീനർ | അഞ്ചാം ക്ലാസ്സിൽ നിന്നുള്ള വിജയം |

## 2. ഫീഡർ കാറ്റഗറി റൂൾസ്

എ) സെക്രട്ടറി – സീനിയർ/ജൂനിയർ ക്ലാർക്ക് തസ്തികയിൽ 2 വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഡയറി ഡയറക്ടറുടെ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും പ്രൊമോഷൻ വഴി നിയമിക്കാവുന്നതാണ്.

ബി) സീനിയർ/ജൂനിയർ ക്ലാർക്ക് - ലാബ് ടെക്നീഷ്യൻ തസ്തികയിൽ 2 വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഡയറി ഡയറക്ടറുടെ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും പ്രൊമോഷൻ വഴി നിയമിക്കാവുന്നതാണ്.

സി) ലാബ് ടെക്നീഷ്യൻ - ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2 വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഡയറി ഡയറക്ടറുടെ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും പ്രൊമോഷൻ വഴി നിയമിക്കാവുന്നതാണ്.

ഡി) ലാബ് അസിസ്റ്റന്റ് – പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിൽ 2 വർഷത്തിൽ കുറയാതെ സേവനമനുഷ്ഠിച്ചിട്ടുള്ളവരും ഡയറി ഡയറക്ടറുടെ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകളിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും പ്രൊമോഷൻ വഴി നിയമിക്കാവുന്നതാണ്.

ഇ)ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ്, അറ്റൻഡർ, പ്യൂൺ, ക്ലീനർ എന്നീ തസ്തികകളിൽ നേരിട്ടുള്ള നിയമനം.

Sm.07.07.2023

എഫ്) പ്രൊമോഷന് ആവശ്യമായ യോഗ്യതകളുള്ള ജീവനക്കാർ താഴെയുള്ള തസ്തികയിൽ ഇല്ലാത്തപക്ഷം നേരിട്ടുള്ള നിയമനം നടത്തുന്നതിന് ഡയറി ഡയറക്ടറുടെ 08/08/2019 ലെ സർക്കുലർ നമ്പർ 23/2019 ലെ വ്യവസ്ഥകൾ പ്രകാരം നടത്തേണ്ടതാണ്.

ജി) പ്രായപരിധി - നേരിട്ടുള്ള നിയമനത്തിന് 18 നും 40 നും ഇടയിൽ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ കാര്യത്തിൽ 5 വർഷത്തെ ഇളവും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് 3 വർഷത്തെ ഇളവും ലഭിക്കുന്നതാണ്.

എച്ച്) ലീവ് റൂൾസ് - കേരള സഹകരണ നിയമം ചട്ടം 190-ന് വിധേയമായി സംഘം ജീവനക്കാർക്ക് നൽകാവുന്നതാണ്. എന്നാൽ ഒരു തരത്തിലുള്ള അവധിയും അവകാശമെന്ന നിലയിൽ ആവശ്യപ്പെടാവുന്നതല്ല.

ഐ) ജോലി സമയം – സംഘം ജീവനക്കാരുടെ ജോലി സമയം 8 മണിക്കൂറായി നിശ്ചയിക്കേണ്ടതും സംഘം നോട്ടീസ് ബോർഡിൽ വ്യക്തമായി എഴുതി പ്രസ്തുത സമയക്രമം സംഘം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

ജെ) അവധി ദിവസങ്ങൾ - നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമുള്ള അവധി ദിവസങ്ങൾ ബാധകമായിരിക്കും. എന്നാൽ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് മുടക്കം വരാത്ത നിലയിൽ അവധികൾ ക്രമീകരിക്കേണ്ടത് ഭരണസമിതിയുടെ ചുമതലയായിരിക്കും. അടിയന്തിര ഘട്ടങ്ങളിൽ അവധി ദിവസം ജോലി ചെയ്യുന്ന ജീവനക്കാർക്കുള്ള വേതനം നിയമാനുസൃത പ്രകാരം തൊട്ടടുത്ത മാസം തന്നെ നിർബന്ധമായും നൽകേണ്ടതാണ്.

കെ) ജീവനക്കാരുടെ സെക്യൂരിറ്റി എഗ്രിമെന്റ് – ജീവനക്കാർ അവരുടെ അടിസ്ഥാന ശമ്പളത്തിന്റെ (ക്ഷാമബത്ത ഒഴികെ) മൂന്നിരട്ടി തുക സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി നൽകേണ്ടതാണ്. മൊത്തശമ്പളം (കൺസോളിഡേറ്റഡ് പേ) വാങ്ങുന്ന ജീവനക്കാർ ടി തുകയുടെ ഇരട്ടി തുക സംഘത്തിൽ നൽകേണ്ടതാണ്. തുക കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാരിൽ നിന്നും സംഘം നിയമാവലി നിബന്ധനകൾക്കു വിധേയമായി കൈവശം സൂക്ഷിക്കാവുന്ന തുകയുടെ പരിധിക്ക് തുല്യമായ തുകയും മറ്റു ജീവനക്കാർ 25,000/- രൂപയും എഗ്രിമെന്റും ആൾ ജാമ്യവും നൽകേണ്ടതാണ്.

സംഘത്തിന്റെ ധനസ്ഥിതി സംരക്ഷിക്കുന്നതിനു വേണ്ടി ഫിഡിലിറ്റി ഇൻഷുറൻസ് എടുക്കേണ്ടതാണ്.

Sm.07.07.2023

എൽ) വൈദ്യസഹായം - കാലാകാലങ്ങളിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവിന് വിധേയമായി സംഘം ജീവനക്കാർക്ക് മെഡിക്കൽ അലവൻസിന് അർഹതയുണ്ടായിരിക്കും.

എം) പ്രൊബേഷൻ - സംഘത്തിൽ സേവനത്തിനായി നിയമിക്കപ്പെട്ടിട്ടുള്ള ഓരോ വ്യക്തിക്കും അയാൾ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ രണ്ട് വർഷത്തെ തുടർച്ചയായുള്ള സേവനത്തിനകമുള്ള ഒരു കൊല്ലം പ്രൊബേഷൻ ആയിരിക്കും എന്നിരുന്നാലും സ്ഥിരപ്പെടുത്തുന്നതിന് ജീവനക്കാരൻ അനുയോജ്യനാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിന് പ്രൊബേഷൻ കാലാവധി രണ്ടു കൊല്ലം വരെ ഭരണസമിതിക്ക് നീട്ടാവുന്നതാണ്.

എൻ) സർവ്വീസ് രജിസ്റ്റർ - ക്ഷീരസംഘത്തിൽ നിശ്ചിത മാതൃകയിൽ എല്ലാ സംഘം ജീവനക്കാരുടെ സേവന രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. സെക്രട്ടറിയുടെ സേവന രജിസ്റ്റർ പ്രസിഡന്റിന്റെ അധീനതയിലും മറ്റ ജീവനക്കാരുടെ സേവന രജിസ്റ്ററുകൾ സെക്രട്ടറിയുടെ അധീനതയിലും സൂക്ഷിക്കേണ്ടതാണ്.

ഒ) സേവന കാലാവധി - 58 വയസ്സ് തികഞ്ഞ ശേഷം ഒരു ജീവനക്കാരനും സംഘത്തിൽ ഉദ്യോഗത്തിൽ തുടരാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

പി) ശിക്ഷണ നടപടി - ക്ഷീരോല്പാദക സഹകരണ സംഘത്തിലെ 1969 KCS Act ചട്ടം 198 ലെ വ്യവസ്ഥകൾക്കനുസൃതമായി എസ്റ്റാബ്ലിഷ്മെന്റിലുള്ള ഏതൊരാൾക്കെതിരെയും ഉത്തമവും മതിയായതുമായ കാരണങ്ങളാൽ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിന് സംഘം ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

ക്യൂ) യാത്രാബത്തയും മറ്റ് അലവൻസുകളും കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 199-നും ആയത് സംബന്ധിച്ച് കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവിനും വിധേയമായിരിക്കും.

ആർ) തസ്തികകളുടെ പേര് മാറ്റം - കാലാകാലങ്ങളിലുള്ള ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം.

എസ്) വീട്ടുവാടക അലവൻസ് - അടിസ്ഥാന ശമ്പളത്തിന്റെ 6 ശതമാനമോ അല്ലെങ്കിൽ 500/- രൂപയോ ഏതാണോ കുറവ് അത് വീട്ടുവാടക അലവൻസ് നൽകാവുന്നതാണ്. കാലാകാലങ്ങളിലുള്ള ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന് വിധേയം.

Sm.07.07.2023

ആപ്കോസിന്റെ നിയമാവലി പ്രകാരം സംഘം ഭരണസമിതിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് രൂപകല്പന ചെയ്തിട്ടുള്ള ഉപനിബന്ധനകൾ.

## 3. പൊതുവ്യവസ്ഥകൾ

എ) പോഷക തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരിൽ പ്രൊമോഷൻ അർഹരായ ജീവനക്കാർ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ നേരിട്ടുള്ള നിയമനംമൂലം ഒഴിവുകൾ നികത്താവുന്നതാണ്. ഇപ്രകാരം നേരിട്ട് നിയമനം നടത്തുമ്പോൾ ആക്ടിലും ചട്ടങ്ങളിലും ഡയറി ഡയറക്ടർ/രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്.

ബി) സഹകരണ ചട്ടം 184 പ്രകാരം പ്രൊബേഷൻ കാലം തൃപ്തികരമായി പൂർത്തിയാക്കിയ ജീവനക്കാർക്ക് മാത്രമേ പ്രൊമോഷൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

സി) പ്രൊമോഷൻ മുഖേന ലഭിക്കുന്ന തസ്തികകളിലും ജീവനക്കാരൻ റൂൾ 184 പ്രകാരമുള്ള പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കണം.

ഡി) റൂൾ 183 പ്രകാരമുള്ള പ്രായപരിധി പ്രൊമോഷൻ കാര്യത്തിൽ ബാധകമല്ല.

ഇ) രജിസ്ട്രാറുടെ അംഗീകാരം ലഭിക്കുന്ന തീയതി മുതൽ മാത്രമേ ഈ ഉപചട്ടങ്ങൾക്ക് പ്രാബല്യമുണ്ടാവുകയുള്ളൂ.

**ഡയറക്ടർക്കുവേണ്ടി**

Sm.07.07.2023

## ..................ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം

## കന്നുകാലി വികസന നിധിയുടെ വിനിയോഗത്തിനുള്ള ഉപചട്ടങ്ങൾ

..................ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ .......ആപ്കോസിന്റെ നിയമാവലിയിൽ വകുപ്പ് 7.1.XI (എഫ്) പ്രകാരം സംഘം ഭരണസമിതി നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് രൂപകല്പന ചെയ്തിട്ടുള്ള ഉപചട്ടങ്ങൾ.

1. ചുരുക്കപേരും വ്യാപ്തിയും:- ............ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ........... ആപ്കോസിലെ അംഗങ്ങളുടെ ക്ഷേമത്തിനായുള്ള കന്നുകാലി വികസന നിധി വിനിയോഗ ചട്ടങ്ങൾ എന്ന് ഈ ചട്ടങ്ങൾക്ക് പേര് പറയാവുന്നതാണ്.
2. നിർവ്വചനം:- ഈ ചട്ടങ്ങളിൽ സന്ദർഭം മൂലം മറ്റൊരർത്ഥം ആവശ്യമായി തീരുന്നില്ലെങ്കിൽ
    1) " യൂണിയൻ" എന്നതിന്റെ അർത്ഥം ...........മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം നം. ........ എന്നായിരിക്കും,
    2) " സംഘം" എന്നതിന്റെ അർത്ഥം ............ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ............ആപ്കോസ് എന്നായിരിക്കും.
    3) " ക്ഷീരോല്പാദകൻ " എന്നതിന്റെ അർത്ഥം ഒന്നോ അതിലധികമോ കറവ മാടുകൾ സ്വന്തമായുള്ളതും ........... ക്ഷീരോല്പാദക സഹകരണ സംഘത്തിൽ പാൽ നൽകുന്നതുമായ ഒരു വ്യക്തി എന്നായിരിക്കും.
    4) " അംഗം" എന്നതിന്റെ അർത്ഥം 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 16 പ്രകാരവും സംഘം നിയമാവലി അനുസരിച്ചും അംഗമായി ചേർക്കപ്പെട്ട ക്ഷീരോല്പാദകൻ എന്നായിരിക്കും.
    5) "വർഷം" എന്നാൽ പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ സാമ്പത്തിക വർഷം എന്നായിരിക്കും.
    6) " നിധി" എന്നതിന്റെ അർത്ഥം സംഘം നിയമാവലി വകുപ്പ് 7.1 (XI) അനുസരിച്ച് ലാഭ വിഭജനത്തിലൂടെ സ്വരൂപിച്ചിരിക്കുന്ന " കന്നുകാലി വികസന നിധി" എന്നായിരിക്കും.
3. ഉദ്ദേശ്യങ്ങൾ :- സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകരായ അംഗങ്ങളുടെ നന്മയെ ലക്ഷ്യം വെച്ച് അവരുടെ കറവമാട്ടുകൾക്കായി വിവിധ കന്നുകാലി വികസന പ്രവർത്തനങ്ങൾ – പ്രചനനം - മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുക എന്നതാണ് ഈ നിധിയുടെ ഉദ്ദേശ്യം.

Sm.07.07.2023

4. അർഹത:- ഈ ചട്ടപ്രകാരമുള്ള സഹായത്തിന് അപേക്ഷിക്കുവാനും അത് പ്രയോജനപ്പെടുത്തുവാനും ചുവടെ ചേർത്തിരിക്കുന്ന യോഗ്യതകളുള്ള അംഗത്തിന് അർഹത ഉണ്ടായിരിക്കും.
5. പ്രസ്തുത അംഗം തന്റെ അപേക്ഷ തീയതിക്ക് തൊട്ടു മുമ്പ് ഒരു വർഷത്തിൽ കുറയാത്ത കാലയളവിൽ സംഘത്തിൽ 180 ദിവസമോ അല്ലെങ്കിൽ 500 ലിറ്ററോ അളവ് പാൽ നൽകിയിരിക്കണം.

   പ്രസ്തുത അംഗം സംഘത്തോടുള്ള ഋണബാദ്ധ്യത തീർക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടില്ലായിരിക്കണം.

   പ്രസ്തുത അംഗം സഹകരണ സംഘം നിയമമോ ചട്ടങ്ങളോ സംഘം നിയമാവലിയ്ക്കനുസരിച്ച് യാതൊരുവിധത്തിലും അയോഗ്യത കല്പിക്കപ്പെടാത്ത ആളായിരിക്കണം.

5. സഹായത്തിനുള്ള അപേക്ഷ.:- ഈ ചട്ടങ്ങൾ അനുസരിച്ചുള്ള ധനസഹായത്തിന് ഏതൊരു അംഗവും തന്റെ അപേക്ഷ സംഘം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.
6. സഹായം നൽകുന്ന രീതിയിൽ :- ഈ നിധിയിൽ നിന്നും ചുവടെ പ്രതിപാദിക്കുന്ന സാമ്പത്തികാനുകൂല്യങ്ങൾ സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകരായ അംഗങ്ങൾക്ക് മാത്രം ലഭിക്കുന്നതാണ്.

   1) കന്നുകാലി ഇൻഷ്വറൻസ്:-

   (എ) ഒരു അംഗത്തിന്റെ കറവമൃഗത്തെ (പശു/എരുമ) ഇൻഷ്വർ ചെയ്യുന്നതിനായി ഓരോ വർഷവും കറവ മൃഗം ഒന്നിന് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 25% ത്തിൽ അധികരിക്കാത്ത ഒരു തുക നിധിയിൽ നിന്നും സഹായധനമായി നൽകാവുന്നതാണ്.

   (ബി) പട്ടികജാതിയിൽപ്പെട്ട അംഗങ്ങളുടെ കറവമാടുകളുടെ ഇൻഷ്വർ ചെയ്യുമ്പോൾ പ്രീമിയം തുകയുടെ 50 ശതമാനത്തിൽ അധികരിക്കാത്ത ഒരു തുക നിധിയിൽ നിന്നും സഹായധനമായി നൽകാവുന്നതാണ്.

   (സി) പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗങ്ങളുടെ കറവമാടുകളെ ഇൻഷ്വർ ചെയ്യുമ്പോൾ പ്രീമിയം തുക പൂർണ്ണമായും നിധിയിൽ നിന്നും നൽകാവുന്നതാണ്.

2) എമർജൻസി ഫീസ് :- സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകർക്കായി സംഘം യൂണിയൻ ഏർപ്പെടുത്തിയിട്ടുള്ള അടിയന്തിര മൃഗചികിത്സാ സൗകര്യം വിനിയോഗിക്കുന്നതിന് ഫീസ് അടയ്ക്കുമ്പോൾ ഓരോ പ്രാവശ്യം ഇപ്രകാരം അടയ്ക്കേണ്ടി വരുന്ന ഫീസിൽ 25% അധികരിക്കാത്ത ഒരു തുക സംഘത്തിലെ അംഗങ്ങൾക്ക് ഈ നിധിയിൽ നിന്നും സഹായധനമായി നൽകാവുന്നതാണ്.

എന്നാൽ ഒരാൾക്ക് ഒരു സാമ്പത്തിക വർഷം പരമാവധി 4 പ്രാവശ്യത്തിൽ കൂടുതൽ ഈ ഇനത്തിലുള്ള ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

3. ഭ്രൂണ മാറ്റം:- മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ നടപ്പിലാക്കുന്ന ഭ്രൂണമാറ്റൽ പദ്ധതി പ്രകാരം തങ്ങളുടെ പശുക്കളിൽ ഭ്രൂണ നിക്ഷേപം നടത്തുന്ന സംഘത്തിലെ അംഗങ്ങൾക്ക് ആയതിന് വേണ്ടി വരുന്ന ആകെ ചെലവിന്റെ 25% വും പരമാവധി 100/- രൂപയിൽ അധികരിക്കാത്ത ഒരു തുക നിധിയിൽ നിന്നും ധനസഹായമായി നൽകാവുന്നതാണ്. എന്നാൽ ഒരു അംഗത്തിന് പരമാവധി ഒരു സാമ്പത്തിക വർഷത്തിൽ രണ്ട് പ്രാവശ്യത്തിലധികം ഈയിനത്തിലുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
4. കൃത്രിമ ബീജധാനം:- കൃത്രിമ ബീജധാന കേന്ദ്രങ്ങളുള്ള പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ അതാത് സംഘത്തിലെ അംഗങ്ങൾക്ക് തങ്ങളുടെ പശുക്കളിൽ/ എരുമകളിൽ ഒരു തവണ കൃത്രിമ ബീജധാനം നടത്തുന്നതിന് ഗവൺമെന്റ് അംഗീകൃത രസീതിൽ അധികരിക്കാത്ത തുക ഈ നിധിയിൽ നിന്നും ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഒരംഗത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 3 പ്രാവശ്യത്തിൽ കൂടുതൽ ഈ ധനസഹായം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
5. വൈക്കോലിൽ യൂറിയ പ്രയോഗം:- TMR/സൈലേജ് വാങ്ങുന്നതിനുള്ള ധനസഹായം സംഘാംഗങ്ങളുടെ പൊതു ആവശ്യത്തിനായി വൈക്കോലിൽ യൂറിയ പ്രയോഗം/TMR/സൈലേജ് വാങ്ങുന്നതിന് വേണ്ട ഉപകരണങ്ങൾ/ സാധന സാമഗ്രികൾ വാങ്ങുന്നതിന് പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾക്ക് ഈ നിധിയിൽ നിന്നും ധനം വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ചെലവഴിക്കുന്ന തുക ഒരു സാമ്പത്തിക വർഷം 5000/- രൂപയിൽ അധികരിക്കാൻ പാടുള്ളതല്ല.
6. പ്രകൃതി ക്ഷോഭം/വെള്ളപ്പൊക്കം/വരൾച്ച ദുരിതാശ്വാസം :- പ്രകൃതി ക്ഷോഭം, വെള്ളപ്പൊക്കം, വരൾച്ച മുതലായവമൂലം നഷ്ടം സംഭവിക്കുന്ന ക്ഷീര കർഷകർക്ക് പച്ചപ്പുല്ല്, വൈക്കോൽ, കാലിത്തീറ്റ മറ്റ് തീറ്റ വസ്തുക്കൾ മുതലായവ സൗജന്യമായി നൽകുന്നതിന് സംഘത്തിന്റെ സാമ്പത്തിക ശേഷി അനുസരിച്ച് ഈ നിധിയിലുള്ള തുകയുടെ 50% ൽ അധികരിക്കാത്ത ഒരു തുക വിനിയോഗിക്കാവുന്നതാണ്.
7. സഹായം അനുവദിക്കുന്ന അധികാരി:- ഈ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ എല്ലാം നിറവേറ്റിയിട്ടുണ്ടെങ്കിൽ അതിന് വിധേയമായി സംഘം

ഭരണസമിതിയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സഹായം അനുവദിക്കാവുന്നതാണ്.

8. നിധി രൂപീകരണം:- സംഘം നിയമാവലി വകുപ്പ് 7.1 (7) (ഡി) അനുശാസിക്കുന്ന വിധത്തിൽ ഓരോവർഷവും ലാഭവിഭജനം വഴി വകമാറ്റി എടുക്കുന്ന തുക ഉപയോഗിച്ച് കന്നുകാലി വികസന നിധിയ്ക്ക് ആവശ്യമായ ധനം സ്വരൂപിക്കേണ്ടതാണ്.
9. നിധി കൈകാര്യം ചെയ്യുന്നത്:-

1. സംഘം നിയമാവലി 7.1 (XI) (ഡി) അനുസരിച്ച് ലാഭവിഭജനത്തിലൂടെ ഈ നിധിയിലേയ്ക്ക് മാറ്റുന്ന തുക കേരള സംസ്ഥാന സഹകരണ ബാങ്കിൽ പ്രത്യേക അക്കൗണ്ടായി നിക്ഷേപിക്കേണ്ടതാണ്.
2. എട്ടാം ചട്ട പ്രകാരം രൂപീകരിക്കുന്ന നിധിയ്ക്ക് അതിനായി സൂക്ഷിക്കുന്ന പ്രത്യേക കണക്ക് പുസ്തകങ്ങളിൽ കണക്ക് വെയ്ക്കേണ്ടതാണ്.
3. സംഘത്തിന്റെ പൊതുവായ പ്രവർത്തനത്തിന് എന്തെങ്കിലും ആവശ്യമായി വരിയാണെങ്കിൽ അത്തരം സന്ദർഭങ്ങളിൽ ഈ നിധി രൂപീകരിച്ചിട്ടുള്ളതിന്റെ പിന്നിലുള്ള ഉദ്ദേശത്തിന് തടസ്സം ആകാത്തവിധത്തിൽ സംഘം ഭരണസമിതി നിശ്ചയിക്കുന്നതനുസരിച്ച് ക്ഷീരവികസന വകുപ്പ് രജിസ്ട്രാറുടെ അനുമതിയോടെ ഈ നിധിയിലുള്ള ധനം വിനിയോഗിക്കാവുന്നതാണ്.
4. ഈ ചട്ടങ്ങളിൽ എന്ത് തന്നെ പറഞ്ഞിരുന്നാലും നിധിയിൽ ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി മാത്രമേ ഇതിൽ നിന്നും അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ പാടുള്ളൂ.
5. സംഘം നിയമാവലി 7.1(XI).എഫ് അനുശാസിക്കുന്നതനുസരിച്ച് ക്ഷീരവികസന വകുപ്പ് രജിസ്ട്രാറുടെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ഈ നിധിയിൽ നിന്നുമുള്ള ധനം വിനിയോഗിക്കുവാൻ പാടുള്ളൂ.
6. ഓരോ സംഘത്തിന്റെയും സാമ്പത്തിക പരിസ്ഥിതി കണക്കിലെടുത്ത് ഉപചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വ രുത്തുവാനുള്ള അധികാരം ആ സംഘത്തിന്റെ പൊതുയോഗത്തിന് ഉണ്ടായിരിക്കുന്നതാണ്. ആയതിന് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

**ഡയറക്ടർക്കുവേണ്ടി**

Sm.07.07.2023

# ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ദാനനിധിയുടെ വിനിയോഗത്തിനുള്ള ഉപചട്ടങ്ങൾ

------- നിയമാവലിയിൽ വകുപ്പ് 7.1 (IX) എഫ് പ്രകാരം സംഘം ഭരണസമിതിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ള ഉപചട്ടങ്ങൾ.

1. **ചുരുക്കപ്പേരും വ്യാപ്തിയും :** --------അംഗങ്ങളുടെ ക്ഷേമത്തിനായുള്ള ദാനനിധി വിനിയോഗ ചട്ടങ്ങൾ എന്ന് ഈ ചട്ടങ്ങൾക്ക് പേര് പറയാവുന്നതാണ്.
2. **നിർവ്വചനം :** ഈ ചട്ടങ്ങളിൽ സന്ദർഭംമൂലം മറ്റൊരർത്ഥം ആവശ്യമായി തീരുന്നില്ലെങ്കിൽ

1. 'യൂണിയൻ' എന്നതിന്റെ അർത്ഥം -------- മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം നമ്പർ ----- എന്നായിരിക്കും.
2. ക്ഷേമനിധി എന്നതിന്റെ അർത്ഥം കേള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് എന്നായിരിക്കും.
3. 'സംഘം' എന്നതിന്റെ അർത്ഥം ----- ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ---- ആപ്കോസ് എന്നായിരിക്കും.
4. 'ക്ഷീരോല്പാദകൻ' എന്നതിന്റെ അർത്ഥം ഒന്നോ അതിലധികമോ കറവമാടുകൾ സ്വന്തമായുള്ളതും --------- സംഘത്തിൽ പാൽ നൽകുന്നതുമായ ഒരു വ്യക്തി എന്നായിരിക്കും.
5. 'അംഗം' എന്നതിന്റെ അർത്ഥം 1969 കേരള സഹകരണ നിയമം വകുപ്പ് 16 പ്രകാരവും ബന്ധപ്പെട്ട സംഘം നിയമാവലി അനുസരിച്ച് അംഗമായി ചേർക്കപ്പെട്ട ക്ഷീരോല്പാദകൻ എന്നായിരിക്കും.
6. 'പൊതുജനോപകാരപ്രദം' എന്നതിന്റെ അർത്ഥം സംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ വസിക്കുന്നവർക്കും, സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകർക്കും പൊതുവേ ഉപകാരപ്രദമായ പ്രവർത്തനങ്ങൾ എന്നായിരിക്കും.
7. 'വർഷം' എന്നാൽ പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ സാമ്പത്തിക വർഷം എന്നായിരിക്കും.
8. 'നിധി' എന്നതിന്റെ അർത്ഥം നിയമാവലി വകുപ്പ് 7.1 IX (ഡി) അനുസരിച്ച് ലാഭവിഭജനത്തിലൂടെ സ്വരൂപിച്ചെടുക്കുന്ന 'ദാനനിധി' എന്നായിരിക്കും.

3. **ഉദ്ദേശ്യങ്ങൾ:** സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകരുടെയും അംഗങ്ങളുടെയും സംഘം പ്രവർത്തന പരിധിക്കുള്ളിൽ വസിക്കുന്ന പൊതുജനങ്ങളുടെയും നന്മക്കായി ധനസഹായം ലഭ്യമാക്കുക എന്നതാണ് ഈ നിധിയുടെ ഉദ്ദേശ്യം.

K.G. 11.07.23



File No. DDDKER/2189/2023-C2 (Computer No. 82702)

Generated from eOffice by RIA THOMAS, C2 DDD(RT), C2 DDD, DAIRY DEVELOPMENT DEPARTMENT on 24/09/2024 01:20 PM

4. **അർഹത :** ഈ ചട്ടപ്രകാരം കാലിത്തൊഴുത്ത് നിർമ്മാണം, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ശേഷക്രിയ സഹായം, മകളുടെ വിവാഹം, ചികിത്സാധനസഹായം തുടങ്ങിയ ധനസഹായങ്ങൾക്ക് അപേക്ഷിക്കുവാനും അത് പ്രയോജനപ്പെടുത്തുവാനും ചുവടെ ചേർത്തിരിക്കുന്ന 1 മുതൽ 5 വരെ യോഗ്യതയുള്ളവർക്ക് അർഹതയുണ്ടായിരിക്കും.

   1. പ്രസ്തുത അംഗം സംഘത്തോടുള്ള ഋണബാധ്യത തീർക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടില്ലായിരിക്കും.
   2. പ്രസ്തുത അംഗം സഹകരണ സംഘം നിയമമോ ചട്ടങ്ങളോ സംഘം നിയമാവലിയോ അനുസരിച്ച് യാതൊരു വിധത്തിലും അയോഗ്യത കൽപ്പിക്കപ്പെടാത്ത ആളായിരിക്കണം.
   3. പ്രസ്തുത അംഗം തന്റെ അപേക്ഷാ തീയതിക്ക് തൊട്ടുമുമ്പ് കുറഞ്ഞത് ഒരു വർഷത്തിൽ കുറയാത്ത കാലയളവിൽ സംഘത്തിൽ 180 ദിവസമോ അല്ലെങ്കിൽ 500 ലിറ്ററോ അളവ് പാൽ നൽകിയിരിക്കണം .
   4. ഈ ചട്ടങ്ങൾ അനുസരിച്ചുള്ള പ്രോത്സാഹന സഹായങ്ങൾ ലഭിക്കുന്നതിന് സംഘാംഗങ്ങൾ, സംഘത്തിലെ അംഗങ്ങളല്ലാത്ത ക്ഷീരോല്പാദകർ, സംഘാംഗങ്ങളുടെയും, ക്ഷീരോല്പാദകരുടെയും മക്കൾ തുടങ്ങിയവർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
   5. ഈ ചട്ടങ്ങൾ അനുസരിച്ച് പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം ലഭിക്കുന്നതിന് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രാമീണ ഗ്രന്ഥശാലകൾ, ഗവൺമെന്റ് ആശുപത്രികൾ, സാമൂഹ്യ-സാംസ്കാരിക സമിതികൾ, തുടങ്ങിയവക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

5. **സഹായത്തിനുള്ള അപേക്ഷ :** ഈ ചട്ടങ്ങൾ അനുസരിച്ചുള്ള ധനസഹായത്തിന് ഏതൊരു അംഗവും മറ്റു ഗുണഭോക്താക്കളും സംഘം സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. **സഹായം നൽകുന്ന രീതി :** ഈ നിധിയിൽ നിന്നും ചുവടെ പ്രതിപാദിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകർക്കും അംഗങ്ങൾക്കും മറ്റു ഗുണഭോക്താക്കൾക്കും ലഭിക്കുന്നതാണ്.

1. **കാലിത്തൊഴുത്ത് നിർമ്മാണം :** സ്വന്തമായി തറ കോൺക്രീറ്റ് ചെയ്യുവരോ അല്ലെങ്കിൽ കോൺക്രീറ്റ് ചെയ്ത് തറ നശിച്ചവർക്കോ കാലിത്തൊഴുത്ത് ഇല്ലാത്ത സംഘത്തിലെ അംഗത്തിന് തന്റെ കാലിത്തൊഴുത്തിന്റെ തറ

K.G. 11.07.23





Generated from eOffice by RIA THOMAS, C2 DDD(RT), C2 DDD, DAIRY DEVELOPMENT DEPARTMENT on 24/09/2024 01:20 PM

കോൺക്രീറ്റ് ചെയ്യുന്നതിന് ആകെ വേണ്ടി വരുന്ന തുകയുടെ 50% ശതമാനത്തിൽ അധികരിക്കാത്ത ഒരു തുക ധനസഹായമായി നൽകാവുന്നതാണ്. അപേക്ഷകന്റെ കാലിത്തൊഴുത്തിന്റെ തറ കോൺക്രീറ്റ് ചെയ്യുന്നതിന് ആകെ വേണ്ടി വരുന്ന തുക സംഘം ഭരണസമിതി കണക്കാക്കിയെടുക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഒരു അംഗത്തിന് അനുവദിക്കുന്ന ധനസഹായം യാതൊരു കാരണവശാലും 2500/- രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപയിൽ) അധികരിക്കുവാൻ പാടുള്ളതല്ല.

2. **ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി :** സംഘത്തിലെ അംഗങ്ങളായ ക്ഷീരോല്പാദകർക്കു വേണ്ടി നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിക്ക്, പ്രസ്തുത പദ്ധതിക്കായി രൂപ നൽകിയിട്ടുള്ള ഉപചട്ടങ്ങൾക്കനുസരിച്ചോ അല്ലെങ്കിൽ സമാനരീതിയിൽ സർക്കാർ/ യൂണിയൻ/ ക്ഷീരകർഷക ക്ഷേമനിധി നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഈ നിധിയിൽ നിന്നും പരമാവധി 50% അധികരിക്കാത്ത തുക ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരം ഒരംഗത്തിന് അനുവദിക്കുന്ന ധനസഹായം യാതൊരു കാരണവശാലും Rs. 2500 (രണ്ടായിരത്തി അഞ്ഞൂറ് രൂപയിൽ) അധികരിക്കാൻ പാടുള്ളതല്ല.

3. **മരണാനന്തര ശേഷക്രിയാ സഹായം:** സംഘത്തിലെ അംഗങ്ങളുടെയോ അവരുടെ കുടുംബാംഗങ്ങളുടെയോ മരണാനന്തര ശേഷക്രിയകൾക്കായി 1500/- (ആയിരത്തി അഞ്ഞൂറ് രൂപ മാത്രം) യിൽ അധികരിക്കാത്ത ഒരു തുക ധനസഹായമായി നൽകാവുന്നതാണ്. കുടുംബാംഗമെന്ന് ഈ ചട്ടങ്ങളിൽ ഉദ്ദേശിക്കുന്നത് അമ്മ, അച്ഛൻ, ഭാര്യ, ഭർത്താവ്, മകൻ, മകൾ എന്നിവർ മാത്രമാണ്.

4. **മകളുടെ വിവാഹം:** സംഘത്തിലെ ഒരു അംഗത്തിന്റെ മകളുടെ വിവാഹത്തിന് 2500/- രൂപയിൽ (രണ്ടായിരം രൂപ) അധികരിക്കാത്ത ഒരു തുക ധനസഹായം നൽകാവുന്നതാണ്.

5. **ചികിത്സാ ധനസഹായം:-** സംഘത്തിലെ ഒരു അംഗത്തിന് അപകടം മൂലമോ, അസുഖം മൂലമോ ഉണ്ടാകുന്ന ചികിത്സാ ചെലവുകൾക്കായി പരമാവധി 1000/- ( ആയിരം രൂപ) ധനസഹായമായി നൽകാവുന്നതാണ്, ഇത്തരത്തിലുള്ള ധനസഹായം ലഭിക്കുന്നതിനുള്ള അംഗങ്ങളുടെ അപേക്ഷകൾ ഭരണസമിതി പ്രത്യേകം പരിശോധിച്ച് അപകടം, അസുഖം എന്നിവയുടെ കാഠിന്യത്തിന്റെ അടിസ്ഥാനമാക്കി ധനസഹായം അനുവദിക്കാവുന്നതാണ്.

K.G. 11.07.23

**6. പ്രോത്സാഹന സഹായം :**

(എ) ഓരോ സാമ്പത്തിക വർഷത്തിലും സംഘത്തിൽ ഏറ്റവും കൂടുതൽ പാൽ നൽകുന്ന അംഗങ്ങൾ, അംഗങ്ങളല്ലാത്ത ക്ഷീരോല്പാദകർ, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷീരോല്പാദകർ എന്നിവർ ഓരോരുത്തർക്കും പരമാവധി 1000/- രൂപയിൽ അധികരിക്കാത്ത തുകയുടെ പ്രോത്സാഹന സമ്മാനങ്ങൾ നൽകാവുന്നതാണ്.

(ബി) ഓരോ വർഷവും സംഘാംഗങ്ങളുടെ എസ്.എസ്.എൽ.സി, പ്ലസ്ടു, ബിരുദപഠനത്തിനും, ബിരുദാനന്തര പഠനത്തിനും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി പാസാകുന്ന മക്കൾക്ക് (മകൻ/മകൾ) പ്രോത്സാഹന സമ്മാനം നൽകാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ ചെലവഴിക്കുന്ന തുക ഒരു സാമ്പത്തിക വർഷം 5000/- (അയ്യായിരം) രൂപയിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(സി) സംഘത്തിൽ പാൽ നൽകുന്ന അംഗങ്ങളുടെ LP/UP/HS വിഭാഗത്തിൽ പഠിക്കുന്ന മക്കൾക്ക് (മകൻ/മകൾ) പാഠപുസ്തകങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ ചിലവഴിക്കുന്ന തുക ഒരു സാമ്പത്തിക വർഷം ആകെ Rs. 10,000/- രൂപയിൽ അധികരിക്കുവാൻ പാടുള്ളതല്ല.

7. **പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം :**

(എ) ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവൺമെന്റ് ആശുപത്രികൾ, സാമൂഹ്യ-സാംസ്കാരിക സമിതികൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ക്ഷീരവികസനവും പൊതുജനതാൽപ്പര്യവും മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ, കന്നുകാലി പ്രദർശനം, സെമിനാർ എന്നിവ നടത്തുന്നതിനായി സംഭാവനകൾ നൽകുന്നതിന് ഈ നിധിയിൽ നിന്നും ഓരോ സാമ്പത്തിക വർഷവും 5000 രൂപയിൽ അധികരിക്കാത്ത തുക വിനിയോഗിക്കാവുന്നതാണ്.

(ബി) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള ഗ്രാമീണ ഗ്രന്ഥശാലകൾക്കും, സർക്കാർ സ്കൂളുകൾക്കും ക്ഷീരോല്പാദന വിപണനവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള വിജ്ഞാനപ്രദമായ പുസ്തകങ്ങൾ വാങ്ങുന്നതിന് നിധിയിൽ നിന്നും സംഭാവന നൽകാവുന്നതാണ്. ക്ഷീരോല്പാദന വിപണനവുമായി ബന്ധപ്പെട്ട വിവിധ പുസ്തകങ്ങൾ ഉൾപ്പെടുത്തി കൊണ്ട് 'ക്ഷീരവികസന കോർണർ' എന്ന പേരിൽ പ്രസ്തുത ഗ്രന്ഥശാല/ ബാങ്കുകളിൽ

K.G. 11.07.23

ഒരു പ്രത്യേക വിഭാഗം തുടങ്ങുന്നതിന് സഹായകരമാകും വിധം ഈ നിധിയിൽ നിന്നും ധനം വിനിയോഗിക്കാവുന്നതാണ്.

(സി) ക്ഷീരോല്പാദക-വിപണനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് ഉപന്യാസ മത്സരങ്ങളും ചിത്രരചനാ മത്സരങ്ങളും മറ്റും നടത്തുന്നതിന് സംഘം പ്രവർത്തനപരിധിയിലുള്ള ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സാമൂഹ്യ-സാംസ്കാരിക സമിതികൾക്കും, ഗ്രാമീണ ഗ്രന്ഥശാലകൾക്കും ഈ നിധിയിൽ നിന്നും ഒരു സാമ്പത്തിക വർഷം 1000/- രൂപയിൽ അധികരിക്കാത്ത ഒരു തുക സംഭാവന നൽകാവുന്നതാണ്. എന്നാൽ ഒരിക്കൽ ധനസഹായം ലഭിച്ച ഒരു സ്ഥാപനത്തിന് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷം മാത്രമേ വീണ്ടും അപേക്ഷിക്കുവാൻ അർഹതയുണ്ടാവുകയുള്ളൂ.

(ഡി) **സഹായം അനുവദിക്കുന്ന അധികാരി :** ഈ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ എല്ലാം നിറവേറ്റിയിട്ടുണ്ടെങ്കിൽ അതിന് വിധേയമായി സംഘം ഭരണസമിതിയുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സഹായം അനുവദിക്കാവുന്നതാണ്.

8. **നിധി രൂപീകരണം :** സംഘം നിയമാവലി വകുപ്പ് 7.1 (XI)(ഡി) അനുശാസിക്കുന്ന വിധത്തിൽ ഓരോ വർഷവും ലാഭവിഭജനം വഴി വകമാറ്റി എടുക്കുന്ന തുക ഉപയോഗിച്ച് ദാനനിധിക്ക് ആവശ്യമായ ധനം സ്വരൂപിക്കേണ്ടതാണ്.

9. **നിധി കൈകാര്യം ചെയ്യുന്ന വിധം :**

1. സംഘം നിയമാവലി 7.1 (XI) (ഡി) അനുസരിച്ച് ലാഭവിഭജനത്തിലൂടെ ഈ നിധിയിലേക്ക് മാറ്റുന്ന തുക കേരള സംസ്ഥാന സഹകരണ ബാങ്കിൽ പ്രത്യേക അക്കൗണ്ട് ആയി നിക്ഷേപിക്കേണ്ടതാണ്.
2. 8-ാം ചട്ടപ്രകാരം രൂപീകരിക്കുന്ന നിധിക്ക് അതിനായി സൂക്ഷിക്കുന്ന പ്രത്യേക കണക്ക് പുസ്തകങ്ങളിൽ കണക്ക് വയ്ക്കേണ്ടതാണ്.
3. സംഘത്തിന്റെ പൊതുവായ പ്രവർത്തനത്തിന് എന്തെങ്കിലും ആവശ്യമായി വരികയാണെങ്കിൽ അത്തരം സന്ദർഭങ്ങളിൽ ഈ നിധി രൂപീകരിച്ചിട്ടുള്ളതിന്റെ പിന്നിലുള്ള ഉദ്ദേശ്യത്തിന് തടസ്സമാകാത്ത വിധത്തിൽ സംഘം ഭരണസമിതി നിശ്ചയിക്കുന്നതനുസരിച്ച് ക്ഷീരവികസന വകുപ്പ് രജിസ്ട്രാറുടെ അനുമതിയോടെ ഈ നിധിയിലുള്ള ധനം വിനിയോഗിക്കാവു ന്നതാണ്.
4. ഈ ചട്ടങ്ങളിൽ എന്തൊക്കെ പറഞ്ഞിരുന്നാലും നിധിയിൽ ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി മാത്രമേ ഇതിൽ നിന്നും അംഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ പാടുള്ളൂ.

5. സംഘം നിയമാവലി 7.1 (XI) എഫ് അനുശാസിക്കുന്നതനുസരിച്ച് ഭരണവിഭാഗത്തിന്റെ അനുമതി വാങ്ങിയതിനു ശേഷം മാത്രമേ ഈ നിധിയിൽ നിന്നുമുള്ള ധനം വിനിയോഗിക്കുവാൻ പാടുള്ളൂ.
6. സംഘത്തിന്റെ സാമ്പത്തിക പരിതസ്ഥിതി കണക്കിലെടുത്ത് ഉപചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാനുള്ള അധികാരം ആ സംഘത്തിന്റെ പൊതുയോഗത്തിനുണ്ടായിരിക്കും. ഇതിന് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

**ഡയറക്ടർക്കുവേണ്ടി**

K.G. 11.07.23

ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം
സഹകരണ പ്രാചാരണ നിധിയുടെ വിനിയോഗത്തിനുള്ള ഉപചട്ടങ്ങൾ

.................................................................ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ..........................(ഡി) ആപ്കോസിന്റെ നിയമാവലിയിലെ വകുപ്പ് 7:1 എഫ് പ്രകാരം സംഘം ഭരണസമിതിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് രൂപകല്പന ചെയ്തിട്ടുള്ള ഉപചട്ടങ്ങൾ.

1) **ചുരുക്കപ്പേരും വ്യാപ്തിയും**:- ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം. ............................... (ഡി) ആപ്കോസിലെ അംഗങ്ങളിലെ ക്ഷേമത്തിനായുള്ള സഹകരണ പ്രചരണ നിധി വിനിയോഗ ചട്ടങ്ങൾ എന്ന് ഈ ചട്ടങ്ങൾക്ക് പേര് പറയാവുന്നതാണ്.
2) **നിർവ്വചനം:-** ഈ ചട്ടങ്ങളിൽ സന്ദർഭം മൂലം മറ്റൊരർത്ഥം ആവശ്യമായി തീരുന്നില്ലെങ്കിൽ

1. ‘‘ യൂണിയൻ എന്നതിന്റെ അർത്ഥം ................................ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ലിപ്തം നമ്പർ ............................ എന്നതായിരിക്കും’’.
2. സംഘം എന്നതിന്റെ അർത്ഥം ........................................ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. ...........................(ഡി) ആപ്കോസ് എന്നതായിരിക്കും.
3. ‘ക്ഷീരോല്പാദകൻ’ എന്നതിന്റെ അർത്ഥം ഒന്നോ അതിലധികമോ കറവമാടുകൾ സ്വന്തമായുള്ളതും ...............................................ക്ഷീരോല്പാദക സഹകരണ സംഘത്തിൽ പാൽ നൽകുന്നതുമായ ഒരു വ്യക്തി എന്നായിരിക്കും.
4. ‘അംഗം’ എന്നതിന്റെ അർത്ഥം സംഘം നിയമാവലി അനുസരിച്ച് അംഗമായി ചേർക്കപ്പെട്ട ക്ഷീരോല്പാദകൻ എന്നായിരിക്കും.
5. ‘ഭരണസമിതിയംഗം’’ എന്നതിന്റെ അർത്ഥം ............................................... ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ ഭരണസമിതിയിലെ അംഗ എന്നായിരിക്കും.
6. ‘വർഷം’ എന്നാൽ പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ സാമ്പത്തിക വർഷം എന്നായിരിക്കും.
7. ‘ജീവനക്കാരൻ’’എന്നതിന്റെഅർത്ഥം ............................................................ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ

K.G. 11.07.23





Generated from eOffice by RIA THOMAS, C2 DDD(RT), C2 DDD, DAIRY DEVELOPMENT DEPARTMENT on 24/09/2024 01:20 PM

സ്ഥിരം ജീവനക്കാർ എന്നതായിരിക്കും. അയാൾ നിയമാനുസൃതമുള്ള ക്യാഷ് സെക്യൂരിറ്റി സംഘത്തിന് നൽകിയിട്ടുണ്ടായിരിക്കണം.

8. ' നിധി' എന്നതിന്റെ അർത്ഥം സംഘം നിയമാവലി വകുപ്പ് 7.1 (IX) (ഡി) അനുസരിച്ച് ലാഭവിഭജനത്തിലൂടെ സ്വരൂപിച്ചെടുക്കുന്ന സഹകരണ പ്രചരണ നിധി എന്ന് ആയിരിക്കും.

**3) ഉദ്ദേശങ്ങൾ:-** സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകരുടേയും അംഗങ്ങളുടേയും, ഭരണസമിതി അംഗങ്ങളുടേയും, ജീവനക്കാരുടേയും, വിദ്യാഭ്യാസ – സാമൂഹിക സാംസ്കാരിക ഉന്നതി ലക്ഷ്യമാക്കി സഹകരണ പ്രചരണ പരിപാടികളും, മൃഗസംരക്ഷണം, ക്ഷീരോല്പാദനം, സഹകരണം തുടങ്ങിയ വിഷയങ്ങളാസ്പദമാക്കി വിവിധ പഠന പരിശീലന - പ്രവൃത്തി പരിചയ - സന്ദർശന പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് ഈ നിധിയുടെ ഉദ്ദേശ്യം.

**4) അർഹത:-** ഈ ചട്ടപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന യോഗ്യതയുള്ളവർക്ക് അർഹതയുണ്ടായിരിക്കും.

1. പ്രസ്തുത വ്യക്തി ഒരു ക്ഷീരോല്പാദകനോ, അംഗമോ, ഭരണസമിതി അംഗമോ, ജീവനക്കാരനോ ആയിരിക്കും.
2. പ്രസ്തുത വ്യക്തി സഹകരണ സംഘം നിയമമോ, ചട്ടങ്ങളോ, സംഘം നിയമാവലിയോ അനുസരിച്ച് യാതൊരുവിധത്തിലും അയോഗ്യത കൽപ്പിക്കപ്പെടാത്ത ആളായിരിക്കും.

**5) സഹായത്തിനുള്ള അപേക്ഷ:-** ഈ ചട്ടങ്ങൾ അനുസരിച്ച് ഉള്ള ധനസഹായത്തിന് ഏതൊരു വ്യക്തിയും തന്റെ അപേക്ഷ സംഘത്തിലെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. പൊതുവായ മറ്റ് സാഹചര്യങ്ങളിൽ സെക്രട്ടറി സംഘം ഭരണസമിതി മുൻപാകെ നിർദ്ദേശം സമർപ്പിക്കേണ്ടതാണ്.

**6) സഹായം നൽകുന്ന രീതി:-** ഈ നിധിയിൽ നിന്നും ചുവടെ പ്രതിപാദിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതാണ്.

i. സംഘത്തിൽ പാൽ നൽകുന്ന ക്ഷീരോല്പാദകരുടെ ബോധവത്കരണ ത്തിനായി സെമിനാറുകൾ, പഠനക്ലാസ്സുകൾ, പ്രവർത്തിപരിചയ പരിപാടി, വിജ്ഞാന പ്രദർശനങ്ങൾ തുടങ്ങിയവ സംഘം തലത്തിൽ സംഘടിപ്പിച്ച് നടത്തുന്നതിന് ഈ നിധിയിൽ നിന്നും ധനം വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കുന്ന തുക ഈ നിധിയിലേയ്ക്ക് പ്രസ്തുത വർഷം കൈമാറ്റപ്പെട്ട ആകെ തുകയുടെ 25 ശതമാനത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

K.G. 11.07.23

ii. സഹകരണ വികസന പരിപാടിയുടെ ഭാഗമായി സംഘാംഗങ്ങൾക്കും ക്ഷീരോല്പാദകർക്കും വനിതകൾക്കും ഭരണസമിതി അംഗങ്ങൾക്കും, ജീവനക്കാർക്കും വേണ്ടി സംഘടിപ്പിക്കുന്ന വിവിധ പഠന പരിപാടികളും പഠനയാത്രയും തുടർ വിദ്യാഭ്യാസ പരിപാടികളും സംഘം തലത്തിൽ നടപ്പിലാക്കുന്നതിന് ഈ നിധിയിൽ നിന്നും ധനം വിനിയോഗിക്കാവുന്നതാണ്.

എൻ.ഡി.ഡി ബി. ആനന്ദിൽ വെച്ച് നടത്തുന്ന പഠനപര്യടന പരിപാടിയിലും ( എഫ്.ഐ.പി) ഈറോഡ് ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനും ഈ നിധിയിൽ നിന്നും ആകെ വകമാറ്റപ്പെട്ട തുകയിലെ 10 ശതമാനം അധികരിക്കാൻ പാടില്ല.

iii. സംഘത്തിലെ ക്ഷീരോല്പാദകർക്കും, അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ക്ഷീരോല്പാദന വിപണനവും സഹകരണരംഗവുമായി ബന്ധപ്പെട്ട വിഷയങ്ങളുൾപ്പെടുത്തിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വാങ്ങി സംഘത്തിൽ സൂക്ഷിക്കുന്നതിന് ഈ നിധിയിൽ നിന്നും ധനം വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കുന്ന തുക പ്രസ്തുത വർഷം ഈ നിധിയിലേയ്ക്ക് ആകെ വകമാറ്റപ്പെട്ട തുകയുടെ 10 ശതമാനത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

iv. ക്ഷീരവികസന വകുപ്പിന്റെയും മൃഗസംരക്ഷണ വകുപ്പിന്റേയും ............................. മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെയും കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെയും കീഴിൽ പ്രവർത്തിക്കുന്ന വിവിധ പരിശീലന കേന്ദ്രങ്ങളിൽ നടത്തുന്ന വിവിധ പഠന പരിശീല പരിപാടികൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന .............................. സംഘത്തിലെ അംഗങ്ങൾക്കും ഭരണസമിതി അംഗങ്ങൾക്കും, ജീവനക്കാർക്കും ക്ഷീരോല്പാദകർക്കും പ്രസ്തുത പരിശീലന പഠന പരിപാടിയിൽ പങ്കെടുക്കുന്നതിനാവശ്യമായി വരുന്ന യാത്രാപ്പടി ഫീസ് തുടങ്ങിയവ ഈ നിധിയിൽ നിന്നും അനുവദിക്കാവുന്നതാണ്. എന്നാൽ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ സർക്കാരിൽ നിന്നോ ഇതിന് ആവശ്യമായ തുക പ്രസ്തുത വ്യക്തിക്കോ, സംഘത്തിനോ സൗജന്യമായി ലഭിക്കുന്ന സാഹചര്യത്തിൽ ഈ നിധിയിൽ നിന്നും യാതൊരുവിധ ധനസഹായവും അനുവദിക്കുവാൻ പാടുള്ളതല്ല.

v. സഹകരണ സംഘത്തിന്റെ വാർഷികം, വിദ്യാഭ്യാസ പരിപാടി, സഹകരണ വാരാഘോഷം തുടങ്ങിയവ വിശേഷ സന്ദർഭങ്ങളിൽ പ്രത്യേക ആഘോഷ പരിപാടികളിൽ ലളിതമായ രീതിയിൽ നടത്തുന്നതിന് ഈ നിധിയിൽ നിന്നും

ധനം വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കുന്ന തുക പ്രസ്തുത വർഷം ഈ നിധിയിലേയ്ക്ക് ആകെ വകമാറ്റപ്പെട്ടിട്ടുള്ള തുകയുടെ 15 ശതമാനത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

7) **സഹായം അനുവദിക്കുന്ന അധികാരി**:- ഈ ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ എല്ലാം നിറവേറ്റിയിട്ടുണ്ട്. എങ്കിൽ അതിന് വിശദമായ സംഘം ഭരണസമിതിയുടെ അംഗീകാരത്തോടെ സംഘം പ്രസിഡന്റിന്റെ മേൽനോട്ടത്തിൽ ഈ നിധിയിൽ നിന്നും ധനം ചെലവു ചെയ്യുന്നതിന് സംഘം സെക്രട്ടറിക്ക് അംഗീകാരം ഉണ്ടായിരിക്കും.

8) **നിധി രൂപീകരണം**:- സംഘം നിയമാവലി വകുപ്പ് 7.1 (XI) (ഡി) അനുശാസിക്കുന്ന വിധത്തിൽ ഓരോ വർഷവും ലാഭ വിഭജനം വഴി സഹകരണ പ്രചരണ നിധിക്ക് ആവശ്യമായ ധനം സ്വരൂപിക്കേണ്ടതാണ്.

9) **നിധി കൈകാര്യം ചെയ്യുന്ന വിധം** :-

1. സംഘം നിയമാവലി 7.1 XI (ഡി) അനുസരിച്ച് ലാഭവിഭജനത്തിലൂടെ ഈ നിധിയിലേയ്ക്ക് വകമാറ്റുന്ന തുക കേരള സംസ്ഥാന സഹകരണ ബാങ്കിൽ പ്രത്യേക അക്കൗണ്ട് ആയി നിക്ഷേപിക്കേണ്ടതാണ്.
2. 8 -ാം ചട്ടപ്രകാരം രൂപീകരിക്കുന്ന നിധിക്ക് അതിനുള്ളത് സൂക്ഷിക്കുന്ന പ്രത്യേക കണക്ക് പുസ്തകങ്ങളിൽ കണക്കുകൾ വയ്ക്കേണ്ടതാണ്.
3. സംഘത്തിൽ പൊതുവായ പ്രവർത്തനത്തിന് ഏതെങ്കിലും ആവശ്യമായി വരികയാണെങ്കിൽ അത്തരം സന്ദർഭങ്ങളിൽ ഈ നിധി രൂപീകരിച്ചിട്ടുള്ളതിന്റെ പിന്നിലുള്ള ഉദ്ദേശ്യത്തിന് തടസ്സമാകാത്ത വിധത്തിൽ സംഘം ഭരണസമിതി നിശ്ചയിക്കുന്നതനുസരിച്ച് ഭരണ വിഭാഗത്തിന്റെ അനുമതിയോടെ ഈ നിധിയിലുള്ള ധനം വിനിയോഗിക്കാവുന്നതാണ്.
4. ഈ ചട്ടങ്ങളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും നിധിയിൽ ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി മാത്രമേ ഇതിൽ നിന്നുമുള്ള ധനം വിനിയോഗിക്കുവാൻ പാടുള്ളൂ.
5. സംഘം നിയമാവലി 7.1 (XI) (എഫ്) അനുശാസിക്കുന്നതനുസരിച്ച് ഭരണ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ ഈ നിധിയിൽ നിന്നുമുള്ള ധനം വിനിയോഗിക്കുവാൻ പാടുള്ളൂ.
6. ഓരോ സംഘത്തിന്റെയും സാമ്പത്തിക പരിതസ്ഥിതി കണക്കിലെടുത്ത ഉപചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുവാനുള്ള അധികാരം സംഘത്തിന്റെ പൊതുയോഗത്തിന് ഉണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട മാറ്റത്തിന് വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.

K.G. 11.07.23

K.G. 11.07.23

**<u>..............................................................ക്ഷീരോല്പാദക സഹകരണസംഘം ക്ലിപ്തം നം. .................................... ആപ്കോസിലെ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് , ഗ്രാറ്റുവിറ്റി - ഉപനിബന്ധനകൾ</u>**

1. ............................ ...................................................................ക്ഷീരോല്പാദക/ക്ഷീരവ്യവസായ സഹകരണസംഘം ക്ലിപ്തം നം. .................................... .............................................................. പ്രൊവിഡന്റ് ഫണ്ടിന്റെയും ഗ്രാറ്റുവിറ്റിയുടെയും സൂക്ഷിപ്പും വിനിയോഗവും സംബന്ധിച്ചിട്ടുള്ള ഉപനിബന്ധനകൾ ( 1969 ലെ കേരള സഹകരണ സംഘം നിയമം ചട്ടങ്ങൾ 58,59 എന്നിവ അനുശാസിക്കുന്നത് പ്രകാരമുള്ളത്).
2. ........................................................................... ക്ഷീരോല്പാദക/ ക്ഷീരവ്യവസായ സഹകരണ സംഘം ക്ലിപ്തം നം. ..................................................................................... ലെ സ്ഥിരം ജീവനക്കാർക്കുവേണ്ടിയാണ് ഈ ഉപനിബന്ധനകൾ പ്രകാരം പ്രൊവിഡന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്.
3. ക്ഷീരസഹകരണ സംഘം രജിസ്ട്രാർ അംഗീകരിക്കുന്ന തീയതി മുതൽ ഈ ഉപനിബന്ധനകൾ പ്രാബല്യത്തിൽ വരുന്നതാണ്. ആയതിനു ശേഷം സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാരെ സംഘം സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് അയാൾക്കും ഫണ്ട് നിലവിൽ വരുന്നതാണ്.
4. ഈ ഫണ്ടിന്റെ ഉത്തരവാദിത്വം സംഘത്തിനുള്ളതും സംഘം ഇത്തരത്തിൽ സ്വരൂപിക്കുന്ന ഫണ്ട് അതാത് മാസം തന്നെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കേണ്ടതും എന്നാൽ സംഘത്തിന്റെ മൂലധനത്തിൽ ഉൾപ്പെടുത്തി വ്യാപരിക്കാൻ പാടില്ലാത്തതുമാണ്. കൂടാതെ ഈ ഫണ്ട് ഒരു പരിതസ്ഥിതിയിലും സംഘത്തിന്റെ കടത്തിനുവേണ്ടി ജപ്തി ചെയ്യാനോ ഉപയോഗിക്കുവാനോ സംഘത്തിന്റെ ആസ്തിയായി പരിഗണിക്കുവാനോ പാടില്ലാത്തതാകുന്നു.
5. സംഘത്തിൽ സ്ഥിരപ്പെടുത്തിയിട്ടുള്ള ഓരോ ഉദ്യോഗസ്ഥന്റെയും അടിസ്ഥാന ശമ്പളത്തിന്റെ നിശ്ചിത ശതമാനം രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിൽ ഈ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതും ആയത് ശമ്പളം കൈപ്പറ്റുന്ന സമയത്ത് അതിൽ നിന്നും പിടിച്ച് ടിയാന്റെ പേരിൽ വരവ് വെയ്ക്കേണ്ടതാണ്. അതേ നിരക്കിൽ പ്രസ്തുത ജീവനക്കാരന്റെ പേരിൽ സംഘം വിഹിതവും ഈ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. ശമ്പളം എന്നത് അടിസ്ഥാന ശമ്പളവും ആയതിന് സംഘത്തിൽ നിന്നും അനുവദിക്കുന്ന ക്ഷാമബത്തയും എന്ന് മാത്രം അർത്ഥമുള്ളതാകുന്നു.
6. നിശ്ചിത നിരക്കിൽ നിന്നും അധികരിച്ചതും അടിസ്ഥാന ശമ്പളത്തിനോട് തുല്യമായ സംഖ്യ ആ ജീവനക്കാരന് ഫണ്ടിലേയ്ക്ക് വിഹിതമായി നൽകുന്നതിന് തടസ്സമില്ലാത്തതാകുന്നു. എന്നാൽ ഇങ്ങനെ കൂടുതൽ അടയ്ക്കുന്ന സംഖ്യയ്ക്ക് ആനുപാതികമായി സംഘം വിഹിതം നൽകേണ്ടതില്ല.
7. ഒരു വരിക്കാരൻ അവധിമൂലമോ, ജോലിക്ക് ഹാജരാകാതിരിക്കുന്നതുമൂലമോ മറ്റു വിധത്തിലോ താൽക്കാലികമായോ കുറഞ്ഞ ശമ്പളം വാങ്ങാൻ ഇടയായാൽ അയാളുടെ സംഭാവനയും സംഘത്തിൽ നിന്ന് അയാൾക്കു വേണ്ടിയുള്ള സംഭാവനയും കണക്കു കൂട്ടേണ്ടത് ആ ജീവനക്കാരൻ യഥാർത്ഥത്തിൽ വാങ്ങിയ തുകയുടെ അടിസ്ഥാനത്തിലായിരിക്കും
8. പ്രൊവിഡന്റ് ഫണ്ടിന് ബാങ്കിൽ നിന്നും കിട്ടുന്ന പലിശ വർഷാവസാനം മുതലിനോട് ചേർത്ത് കണക്കാക്കേണ്ടതുമാണ്.
9. സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതിയിൽ അംഗത്വം എടുത്തിട്ടുള്ള

ക്ഷീരസഹകരണ സംഘങ്ങൾ ഓരോ സ്ഥിരം ജീവനക്കാർക്കും പെൻഷൻ ലഭ്യമാക്കുന്നതിന് സംഘത്തിന്റെ വിഹിതം പെൻഷൻ ഫണ്ടിലേയ്ക്ക് നിശ്ചിതരീതിയിൽ അടവാക്കേണ്ടതാണ്. സ്വാശ്രയ പെൻഷൻ പദ്ധതിയിൽ സംഘത്തേയും സ്ഥിരം ജീവനക്കാരെയും ചേർക്കുന്നത് സംഘം ഭരണസമിതിയുടെ കടമയായിരിക്കുന്നതുമാണ്. ഇത്തരം സാഹചര്യങ്ങളിൽ സംഘം ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം മാത്രം കേരള സർക്കാരിന്റെ സഹകരണ ബാങ്കിലെ ബന്ധപ്പെട്ട പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മതിയാകും.

10. പി.എഫ് നിക്ഷേപം നടത്തിയ ഉദ്യോഗസ്ഥൻ മരണപ്പെടുകയോ, റിട്ടയർ ചെയ്യുകയോ, രാജി വെയ്ക്കുകയോ, പിരിച്ചുവിടുകയോ ചെയ്യുമ്പോൾ മാത്രം ടി നിക്ഷേപം അവസാനിപ്പിക്കേണ്ടതും ടി സംഖ്യയും പലിശയും മടക്കി കൊടുക്കേണ്ടതുമാകുന്നു. ടി നിക്ഷേപം അവസാനിപ്പിക്കേണ്ടതും ടിയാൻ നാളിതുവരെ അടച്ച തുക പലിശ സഹിതം മടക്കി കൊടുക്കേണ്ടതുമാകുന്നു.
11. ഒരു ജീവനക്കാരൻ ഫണ്ടിൽ ചേർന്ന് 12 മാസത്തിനുള്ളിൽ ജോലിയിൽ നിന്ന് രാജിവെയ്ക്കുകയാണെങ്കിൽ അയാൾക്ക് യഥാർത്ഥത്തിൽ അയാൾ അടച്ച തുകയിൽ കൂടുതലായുള്ള ഒരു തുകയ്ക്കും അവകാശമില്ലാത്തതാകുന്നു.
12. ഒരു ജീവനക്കാരൻ നിക്ഷേപം തുടങ്ങി ഒരു വർഷം കഴിഞ്ഞ് എന്നാൽ അഞ്ചു വർഷം പൂർത്തിയാകുന്നതിനു മുമ്പ് ഏതെങ്കിലും കാരണവശാൽ രാജിവെയ്ക്കുകയാണെങ്കിൽ അയാൾ രാജിവെച്ച തീയതി വരെ നിക്ഷേപിച്ചിട്ടുള്ള തുകയ്ക്കും ടി തീയതിവരെയുള്ള പലിശയ്ക്കും മാത്രം അർഹതയുള്ളതാകുന്നു.
13. പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ ഉള്ള സംഖ്യയുടെ മൂന്നിൽ രണ്ട് ഭാഗത്തിൽ കവിയാത്ത സംഖ്യ 36 തുല്യ മാസഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ ജീവനക്കാരന് വായ്പ അനുവദിക്കാവുന്നതാണ്. പ്രൊവിഡന്റ് ഫണ്ട് നിക്ഷേപ വായ്പയ്ക്ക് പലിശ ഈടാക്കേണ്ടതില്ല. ഒരു ജീവനക്കാരന് അയാളുടെ ഫണ്ടിൽ ശേഷിച്ചിട്ടുള്ള തുകയിൽ നിന്നും താത്കാലികമായി വായ്പ നൽകുന്നതിന് സംഘം ഭരണസമിതിയ്ക്ക് അധികാരമുണ്ട്.
14. പ്രൊവിഡന്റ് ഫണ്ട് ബാധകമാക്കിയിട്ടുള്ള യാതൊരു ഉദ്യോഗസ്ഥനും ആറ് മാസത്തിലൊരിക്കൽ ഒരുകടം വായ്പ മാത്രമേ അനുവദിക്കാൻ പാടുള്ളൂ. ഫണ്ട് തുടങ്ങി 2 വർഷം കഴിഞ്ഞ് മാത്രമേ വായ്പയ്ക്ക് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഒരാൾക്ക് ഒരു പി.എഫ് വായ്പയിൽ കൂടുതൽ നിലവിൽ ഉണ്ടാകുവാൻ അനുവദിക്കുകയില്ല. നിശ്ചിത കാലവധിയ്ക്ക് മുമ്പ് വായ്പ അവസാനിപ്പിക്കുന്നത് ഉദ്യോഗസ്ഥന് അവകാശം ഉണ്ടായിരിക്കും.
15. പ്രൊവിഡന്റ് ഫണ്ട് നിക്ഷേപിച്ച ഉദ്യോഗസ്ഥന് അടവാക്കിയ സംഖ്യയുടെ ¾ ഭാഗം വായ്പ തിരിച്ചടവ് ഇല്ലാത്ത വായ്പയായി അനുവദിക്കാവുന്നതാണ്. എൻ.ആർ.എ അനുവദിക്കുന്നതിന് നിക്ഷേപകന് 15 വർഷത്തിൽ കുറയാത്ത സർവീസ് ഉണ്ടായിരിക്കേണ്ടതാണ്.
16. ഒരു ഉദ്യോഗസ്ഥന്റെ മരണശേഷം പി.എഫ് നിക്ഷേപം ആർക്ക് കൊടുക്കുമെന്നുള്ളതിന് അവകാശിയെ നിശ്ചയിക്കാവുന്നതും, ആ നിശ്ചയം അംഗീകരിച്ച് സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി വെയ്ക്കേണ്ടതുമാകുന്നു. ഈ നിശ്ചയം ഏതെങ്കിലും അവസരത്തിൽ മാറ്റി നിശ്ചയിക്കുന്നതിന് ഉദ്യോഗസ്ഥന് അംഗീകാരം ഉണ്ടായിരിക്കുന്നതാണ്.

മേൽപ്രകാരം അവകാശിയെ നിശ്ചയിച്ചിട്ടില്ലാത്ത ഒരു ഉദ്യോഗസ്ഥന്റെ മരണശേഷം പ്രൊവിഡന്റ് ഫണ്ടിൽ നിന്നും അയാൾക്ക് ചെല്ലേണ്ടതായ തുക അയാളുടെ ഭാര്യയ്ക്കും മക്കൾക്കും, അവിവാഹിതനാണെങ്കിൽ മാതാപിതാക്കൾക്കും, ഭാര്യയും മക്കളും, മാതാപിതാക്കളും ഇല്ലാത്തവനാണെങ്കിൽ നിയമപ്രകാരമുള്ള അവകാശികൾക്കും കൊടുക്കാവുന്നതാണ്.

മേൽപ്രകാരം സംഖ്യ കൊടുക്കുന്നതിനുള്ള അധികാരം ഭരണസമിതിയ്ക്ക് ആയിരിക്കുന്നതാണ്.

17. ഈ ചട്ട പ്രകാരം തിരികെ പിടിക്കുന്ന അഡ്വാൻസ് അതാത് അവസരത്തിൽ വരിക്കാരന്റെ അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.
18. ഒരു വരിക്കാരന് പെൻഷൻ പറ്റി പിരിയുന്നതിനു മുൻപായി ഫണ്ടിലുള്ള തുക മുഴുവൻ പിൻവലിക്കാവുന്നതല്ല.
19. പെൻഷൻ പറ്റിയിരിക്കുന്ന ഒരു വരിക്കാരനോ അല്ലെങ്കിൽ മരിച്ചുപോയ ഒരു വരിക്കാരന്റെ അവകാശിയോ നാമനിർദ്ദേശകരോ അയാൾ പെൻഷൻ പറ്റിയോ അല്ലെങ്കിൽ മരിച്ചുപോയതിനുശേഷമോ മൂന്നുമാസത്തിനു മുൻപായി ഫണ്ടിലുള്ള തുക നൽകുന്നതിനു സംഘം ഭരണസമിതി ബാദ്ധ്യസ്ഥനാണ്. എന്നാൽ അവകാശിയാ ണെന്നു തെളിയിക്കുന്ന മതിയായ രേഖകൾ ഹാജരാക്കുന്നതുവരെ ഫണ്ടിലുള്ള തുക നൽകാതിരിക്കാനുള്ള അവകാശം ഭരണസമിതിയ്ക്കുണ്ട്. കൊടുക്കാനുള്ള തുകയിന്മേ ലുള്ള പലിശ പെൻഷൻ പറ്റി പിരിയുകയോ മരിക്കുകയോ ചെയ്യുന്നതിനു തൊട്ടുമുൻപിലുള്ള വർഷാവസാനംകൊണ്ട് അവസാനിക്കുന്നതാണ്.
20. ഓരോ ജീവനക്കാരന്റെയും പി.എഫ് വിഹിതവും ആയതിലേയ്ക്കുള്ള സംഘം വിഹിതവും രേഖപ്പെടുത്തി പ്രത്യേകം രജിസ്റ്ററിൽ സംഘം സെക്രട്ടറി സംഘത്തിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററിൽ പി.എഫ് ൽ നിന്നും വായ്പ നൽകിയിട്ടുണ്ടെങ്കിൽ തിരിച്ച് പിടിക്കേണ്ട തുക വരവ് വെയ്ക്കേണ്ടതും ഓരോ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഓരോ ജീവനക്കാരനും പ്രസ്തുത ഫണ്ടിനും ലഭിച്ച പലിശകൾ കണക്കുകൂട്ടി ഓരോ ജീവനക്കാരന്റെയും അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

## ഗ്രാറ്റുവിറ്റി

സംഘത്തിലെ സ്ഥിരം ലാവണത്തിലുള്ള എല്ലാ ജീവനക്കാർക്കും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാറ്റുവിറ്റി കിട്ടുന്നതിന് യോഗ്യതയുണ്ടായിരിക്കും.

1. ജീവനക്കാർ കുറഞ്ഞത് അഞ്ച് വർഷത്തെ സേവനം തൃപ്തിയായി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടായിരിക്കും.
2. ഒരു പൂർണ്ണ വർഷത്തിന് പതിനഞ്ചു ദിവസത്തെ (15) മൊത്തം ശമ്പളം എന്ന നിരക്കിൽ പൂർത്തിയാക്കിയ ഓരോ വർഷത്തിനും ഗ്രാറ്റുവിറ്റി നൽകും. എന്നാൽ ഒരു കാരണവശാലും അങ്ങനെ നൽകുന്ന ഗ്രാറ്റുവിറ്റി ജീവനക്കാരന്റെ പതിനഞ്ചു മാസത്തെ (15) മൊത്തം ശമ്പളത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി 20 ലക്ഷം രൂപയെ ഗ്രാറ്റുവിറ്റി ഇനത്തിൽ ഒരു ജീവനക്കാരന് നൽകുവാൻ പാടുള്ളൂ.

**ഗ്രാറ്റുവിറ്റി = അവസാനമാസത്തെ ശമ്പളം x ആകെ സർവ്വീസ് കാലയളവ് x** $\frac{15}{26}$

*(അടിസ്ഥാന ശമ്പളം+ക്ഷാമബത്ത) (വർഷത്തിൽ)*

3. സ്വാഭാവദൂഷ്യം മൂല്യം പിരിച്ചുവിടപ്പെട്ട ഒരു ജീവനക്കാരന് ഗ്രാറ്റുവിറ്റിക്ക് അർഹത ഇല്ലാത്തതാകുന്നു.
4. ജീവനക്കാർ രാജിവെച്ച പോകുന്ന സാഹചര്യത്തിൽ ഒരു സഹകരണ സംഘം സംഘത്തിനുണ്ടായിരുന്ന ജീവനക്കാരുടെ 20 ശതമാനത്തിൽ കൂടുതൽ പേർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതല്ല.
5. സംഘത്തിലെ സ്ഥിരം ജീവനക്കാർ വിരമിക്കുന്ന സമയത്ത് അർഹതപ്പെട്ട ഗ്രാറ്റുവിറ്റി നല്കുന്നതിന് തുക കണ്ടെത്തുന്നതിനായി പ്രതിമാസം ഒരു നിശ്ചിത തുക ഗ്രാറ്റുവിറ്റി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി എൽ.ഐ.സി, ജില്ലാ സഹകരണബാങ്ക്, പോസ്റ്റാഫീസ്, സേവിങ്സ് അക്കൗണ്ടിലോ, കേന്ദ്ര സംസ്ഥാന ഗവൺമെന്റിന്റെ സെക്യൂരിറ്റി ധനസഹായ ബാങ്കുകളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ദേശസാൽക്കരിച്ച ബാങ്കിലോ നിക്ഷേപിച്ച് ഗ്രാറ്റുവിറ്റി തുക സ്വരൂപിക്കാവുന്നതാണ്.

ഈ ഉപചട്ടങ്ങൾക്ക് അത്യാവശ്യമായി വരുന്ന ഭേദഗതികളോ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ ചെയ്യുന്നതിനുള്ള പരിപൂർണ്ണാധികാരം ഭരണസമിതിക്കുണ്ടായിരിക്കും. ഇങ്ങനെ വരുത്തുന്ന തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ

ജീവനക്കാരനെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരമുള്ള തിരുത്തലുകളോ ഭേദഗതികളോ വരുത്തുന്നത് ക്ഷീരസഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകുന്നമുറക്ക് പ്രാബല്യത്തിൽ വരുന്നതാണ്.